"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ സുഭാഷ്. പി. ബി -യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1302/2024/LSGD തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:-

1. 10.03.2013ലെ 42/13/ഫിൻ നമ്പർ സർക്കുലർ
2. 06.07.2021 ലെ സ.ഉ.(സാധാ)നം.1240/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 01.07.2022 ലെ സ.ഉ.(സാധാ).1565/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
4. 28.06.2023ലെ സ ഉ (സാധാ)നം.1336/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
5. 21.10.2023ലെ സ ഉ (സാധാ) നം.2069/2023/തസ്വഭവ നമ്പർ ഉത്തരവ്
6. ശ്രീ.സുഭാഷ് പി ബി സമർപ്പിച്ച 23.02.2024ലെ അപേക്ഷ
7. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.05.2024ലെ ഇ1-263/2021 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ സുഭാഷ്.പി. ബി-യെ പരാമർശം (2) ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ അന്യത്രസേവന വ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുകയും പരാമർശം 3 , 4 എന്നിവ പ്രകാരം പ്രസ്തുത അന്യത്ര സേവന കാലാവധി ഓരോ വർഷം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ശ്രീ .സുഭാഷ് പി.ബി- യുടെ അന്യത്ര സേവന കാലാവധി 30.06.2024 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ, പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (7) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ സുഭാഷ്.പി.ബി- യുടെ അന്യത്രസേവന കാലാവധി 01.07.2024 മുതൽ ഒരു വർഷത്തേക്കോ അല്ലെങ്കിൽ പരാമർശം (5)

ഉത്തരവ് പ്രകാരം പി എസ് സി മുഖേനയോ / ബൈട്രാൻസ്ഫർ മുഖേനയോ നിയമനം നടത്തുന്നത് വരേയോ, ഏതാണോ ആദ്യം അതു വരെ, പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്കും അന്യത്ര സേവന അടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ചുള്ള നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
2.അഡ്വക്കേറ്റ് ജനറൽ , കേരള , എറണാകുളം(ആമുഖ കത്ത് സഹിതം)
3.പ്രസിഡന്റ് / സെക്രട്ടറി , പാലക്കാട് ജില്ലാ പഞ്ചായത്ത്
4.ശ്രീ.സുഭാഷ് പി ബി , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II , (പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.അക്കൗണ്ടന്റ് ജനറൽ(എൽ ബി & എ) ) കേരള, തിരുവനന്തപുരം
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.106/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 19-07-2024 16:33:29
സെക്ഷൻ ഓഫീസർ